ക്ഷണിക്കുന്ന ടെണ്ടറിലെ നിരക്ക് കുറവാണെങ്കിൽ അതിനെക്കാൾ മികച്ച നിരക്ക് ക്വാട്ട് ചെയ്യുന്നതിനും സ്വിസ് ചലഞ്ച് മാതൃകയിൽ അവസരം ഉണ്ടായിരിക്കുന്നതാണ്.

(ഡി) i. പ്രാഥമിക പഠനം നടത്തി ക്വാട്ട് സമർപ്പിക്കുന്നതിന് ഇൻകെലിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

ii. ഫാക്ടിന്റെ അമ്പലമുകളിലുള്ള 150 ഏക്കർ സ്ഥലം ലഭ്യമാക്കുന്നതിലേയ്ക്കായി സംസ്ഥാന ധനകാര്യ വകുപ്പ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ഒരു കമ്മിറ്റി രൂപീകരിക്കുകയും ഫാക്ട് മാനേജ്മെന്റുമായി ചർച്ചകൾ നടത്തിയതിന്റെ ഫലമായി ഫാക്ടിന്റെ കൈവശത്തിലുള്ളതും ഉപയോഗിക്കാതെ കിടക്കുന്നതുമായ 150 ഏക്കർ ഭൂമി സൗജന്യമായി സംസ്ഥാന സർക്കാരിന് നൽകിക്കൊണ്ട് തത്വത്തിൽ അനുമതി നൽകിയിട്ടുണ്ട്.

iii. പിറ്റ്കോക്കിന്റെ വില സംബന്ധിച്ച് ബി.പി.സി.എൽ-മായി ചർച്ചകൾ ഗവൺമെന്റ് തലത്തിൽ പുരോഗമിച്ചുവരുന്നു.

സൗജന്യ വൈദ്യുതി കണക്ഷൻ

18 (363) <u>ശ്രീ. ഇ. പി. ജയരാജൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഏതെല്ലാം ജനവിഭാഗങ്ങൾക്കാണ് ഇപ്പോൾ സൗജന്യ വൈദ്യുതി കണക്ഷൻ നൽകുന്നത് ;

(ബി) സൗജന്യ വൈദ്യുതി കണക്ഷൻ നൽകുന്നതുമായി ബന്ധപ്പെട്ടുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ വിശദമാക്കുമോ ; ഉത്തരവുകളുടെ പകർപ്പുകൾ ലഭ്യമാക്കുമോ ?

<u>ഉത്തരം</u>

(എ) ലൈൻ ദീർഘിപ്പിക്കൽ ആവശ്യമില്ലാത്ത ഗാർഹിക വൈദ്യുതി കണക്ഷനുകൾ, ആയിരം വാട്ട്സ് കണക്ടഡ് ലോഡുള്ള എസ്.സി./എസ്.റ്റി. വിഭാഗങ്ങൾക്കും 500 വാട്ട്സ് വരെ കണക്ടഡ് ലോഡുള്ള ബി.പി.എൽ. അപേക്ഷകർക്കും സൗജന്യമായി വൈദ്യുത കണക്ഷൻ നൽകിവരുന്നു.

(ബി) 1000 വാട്ട്സ് വരെ കണക്ടഡ് ലോഡുള്ള എസ്.സി./എസ്.ടി. വിഭാഗത്തിലുള്ള വ്യക്തികൾക്കും 500 വാട്ട്സ് വരെ കണക്ടഡ് ലോഡുള്ള ബി.പി.എൽ. വിഭാഗത്തിലുള്ള വ്യക്തികൾക്കും (ലൈൻ നീട്ടൽ ആവശ്യമില്ലാത്ത) വൈദ്യുതി കണക്ഷൻ, സൗജന്യമായി

LIBRARY ARCHIVES Kerala Legislative Assembly

നൽകുന്നുണ്ട്. കൂടാതെ, കേന്ദ്രാവിഷ്കൃത പദ്ധതിയായ രാജീവ് ഗാന്ധി ഗ്രാമീണ വൈദ്യുതീകരണ പദ്ധതിയിൽ ഉൾപ്പെടുത്തി1-12-2014 വരെ അപേക്ഷിച്ച എല്ലാ ബി.പി.എൽ. അപേക്ഷകർക്കും പൂർണ്ണമായി സൗജന്യമായും പ്ലിന്ത് ഏരിയ 1000 Sqft.ൽ താഴെയുള്ള എ.പി.എൽ. അപേക്ഷകർക്ക് വെതർ പ്രൂഫ് ഭാഗത്തിന്റെ മാത്രം എസ്റ്റിമേറ്റ് തുക ഈടാക്കി ഓവർഹെഡ് ലൈൻ സൗജന്യമായി നിർമ്മിച്ചുകൊണ്ടും കണക്ഷൻ നൽകിയിട്ടുണ്ട്. കൂടാതെ, തിരുവനന്തപുരം, കോട്ടയം, എറണാകുളം, തൃശ്ശൂർ എന്നീ ജില്ലകളിൽ മേൽപ്പറഞ്ഞ വിഭാഗങ്ങൾക്ക് 30-9-2015 വരെ തുടർന്നും കണക്ഷൻ നൽകുന്നതിന് ഉത്തരവ് നൽകിയിട്ടുണ്ട്.

കൂടാതെ, ഈ 4 ജില്ലകളിൽ രാജീവ് ഗാന്ധി ഗ്രാമീണ വൈദ്യുതീകരണ പദ്ധതി കഴിയുമ്പോഴും മറ്റ് 10 ജില്ലകളിൽ കേന്ദ്രസർക്കാർ പുതുതായി ആവിഷ്കരിച്ചിരിക്കുന്ന പദ്ധതിയായ ദീന ദയാൽ ഉപാദ്ധ്യായ ഗ്രാമ ജ്യോതി യോജന (ഡി.ഡി.യു.ജി.ജെ.വൈ.)-ൽപ്പെടുത്തിയും ബി.പി.എൽ. അപേക്ഷർക്ക് സൗജന്യമായി ഓവർഹെഡ് ലൈനും വെതർ പ്രൂഫും നിർമ്മിച്ച് കണക്ഷൻ നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഉത്തരവുകളുടെ പകർപ്പുകൾ അനുബന്ധമായി ചേർക്കുന്നു.*

സൗജന്യ നിരക്കിൽ വൈദ്യുതി

19 (364) ശ്രീ. കെ. രാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വൈദ്യുതി സൗജന്യമായും സൗജന്യനിരക്കിലും ലഭിച്ചുകൊണ്ടിരിക്കുന്നത് ഏതെല്ലാം വിഭാഗത്തിൽ ഉൾപ്പെട്ട ഉപഭോക്താക്കൾക്ക് ആണെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത വിഭാഗത്തിൽ ഉൾപ്പെട്ടവരെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ വിശദമാക്കുമോ ;

(സി) പ്രസ്തുത ഉപഭോക്താക്കളിൽ അനർഹർ കടന്നു കൂടിയിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ എങ്കിൽ ആയത് കണ്ടെത്തുന്നതിനും ശിക്ഷണ നടപടികൾ സ്വീകരിക്കുന്നതിനുമുള്ള നടപടിക്രമങ്ങൾ വിശദമാക്കുമോ ?

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly